"ഭരണഭാഷ- മാതൃഭാഷ്"

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ഉയർന്ന മാർക്കുവാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകി വരുന്ന പ്രത്യേക പ്രോത്സാഹന സമ്മാനപദ്ധതിയിലെ നിബന്ധനയിൽ സ്പഷ്ടീകരണം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

G.O.(Rt)No.975/2025/SCSTD തീയതി,തിരുവനന്തപുരം, 19-12-2025

പരാമർശം:-
1. സ.ഉ(സാധാ)നം.1292/2022/പജപവവിവ തീയതി 16/12/2022
2. 09.05.2024 ലെ നം.എ2/154/2022-പജപവവിവ നമ്പർ കത്ത്
3. 19/05/2025 ലെ നം. എ2/118/2025-പജപവവിവ. നമ്പർ കത്ത്
4. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 23/09/2025 ലെ SCDD/584/2025-B3 (EDN B) നമ്പർ കത്ത്.

ഉത്തരവ്

എസ്.എസ്.എൽ.സി, പ്ലസ്-ടു, വി.എച്ച്.എസ്.സി, റ്റി.റ്റി.സി. പോളിടെക്നിക്, ഡിപ്ലോമ, പോസ്റ്റ്ഗ്രാഡുവേഷൻ തുടങ്ങിയ കോഴ്സുകളിൽ ഡിസ്റ്റിംഗ്ഷനും, ഫസ്റ്റ് ക്ലാസും വാങ്ങുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി പ്രകാരം, നൽകി വരുന്ന തുകകൾ പരാമർശം (1) ലെ ഉത്തരവ് പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിലെ നിബന്ധനയിൽ പരാമർ ശം (2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സ്പഷ്ടീകരണം ആരായുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രോത്സാഹന സമ്മാനപദ്ധതി പ്രകാരം ഉയർന്ന മാർക്കുവാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന തുക ചുവടെ ചേർക്കുന്നവിധം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

കോഴ്സ്	80% മുതൽ 100% വരെ മാർക്ക്/വിവിധ വിഷയങ്ങളിൽ A+ അല്ലെങ്കിൽ A ഗ്രേഡോ ലഭിക്കുന്നവർക്ക് മാത്രം	60% മുതൽ 80% ത്തിന് താഴെ വരെ മാർക്ക്/വിവിധ വിഷയങ്ങളിൽ B ഗ്രേഡ് വരെ മാത്രം ലഭിക്കുന്നവർക്ക് മാത്രം
എസ്.എസ്.എൽ.സി	4000	2500
+2, ഡിപ്ലോമ, റ്റി.റ്റി.സി, പോളിടെക്നിക്ക്, വി.എച്ച്.എസ്.സി തുടങ്ങിയവ	6000	3500
ബിരുദതലകോഴ്സുകൾ	7500	5000
പ്രൊഫഷണൽ	9000	7500

ബിരുദകോഴ്സുകൾ		
ബിരുദാനന്തരബിരുദം/അതിനു മുകളിലുള്ള കോഴ്സുകൾ	10000	7000
പ്രൊഫഷണൽബിരുദാനന്തര ബിരുദകോഴ്സുകൾ/അതിനു മുകളിലുള്ള കോഴ്സുകൾ	12000	9000

3) പരാമർശം (1), (2) , (3) ലെ മറ്റ് വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SIMI A S

ADDITIONAL SECRETARY

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ Audit), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nazeer S
Date: 19-12-2020 15:39:10